## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5391** | **12-08-2021 - ൽ മറുപടിയ്ക്ക്**

### ജനപ്രതിനിധികൾക്ക് ബാങ്ക് ഭരണ സമിതി അംഗമാകാൻ വിലക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ജനപ്രതിനിധികൾക്ക് അർബൻ സഹകരണ ബാങ്കുകളുടെ എം.ഡി., മുഴുവൻ സമയ ഡയറക്ടർ എന്നിവ ആകാൻ കഴിയില്ലെന്ന നിർദ്ദേശം/ ഉത്തരവ് റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) | റിസർവ് ബാങ്കിന്റെ 25.06.2021 ലെ RBI/2021-22/60 DOR.GOV.REC.25/12.10.000/2021-22 നമ്പർ സർക്കുലർ പ്രകാരം, അർബൻ സഹകരണ ബാങ്കുകളിൽ മാനേജിംഗ് ഡയറക്ടർ/മുഴുവൻ സമയ ഡയറക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അർബൻ സഹകരണ ബാങ്കുകൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുണ്ട്. ആയതനുസരിച്ച് പാർലമെന്റ്, സംസ്ഥാന നിയമസഭ, മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, മറ്റ് തദ്ദേശ സ്ഥാപനങ്ങൾ എന്നിവയിലെ അംഗമായിരിക്കുന്നയാളിന് മാനേജിംഗ് ഡയറക്ടർ/മുഴുവൻ സമയ ഡയറക്ടറാകാൻ കഴിയുന്നതല്ല. |
| (ബി) | ഇത് സംബന്ധിച്ച രേഖാമൂലമുള്ള ഉത്തരവ് റിസർവ്വ് ബാങ്കിൽ നിന്നും ലഭിച്ചിട്ടുണ്ടോ; | (ബി) | ലഭിച്ചിട്ടില്ല. |
| (സി) | എങ്കിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ